ഡപ്യൂട്ടിസ്പീക്കർ: വിവരം മാത്രം പറഞ്ഞാൽമതി.

ശ്രീ. ബി. വെല്ലിംഗ്ടൺ: പാലാ മുൻസിപ്പാലിറ്റി അവിടത്തെ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി എൽ. ഐ. സി. യിൽ നിന്നുതന്നെ പണം കടമെടുത്തു കൊണ്ട് പൈപ്പ് ലൈൻ ടൗൺ ജോലിപൂർത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴും ഇങ്ങനെയുള്ള ദുരാരോപണങ്ങളും സഭയിൽ ഉന്നയിക്കുന്നതു് വേദനാജനകമാണു്. സത്യസന്ധമായി, ആത്മാർത്ഥമായി, ഉപകാരപ്രദമായി കാര്യങ്ങളും ചെയ്യാൻ പരമാവധി പരിശ്രമിക്കുമ്പോഴും ഇത്തരത്തിലുള്ള ദുരാരോപണങ്ങളും കൊണ്ടുവരുന്നതു് ഖേദകരമാണു്. അതുകൊണ്ട് എന്റെ പേരിൽകൊണ്ടുവന്ന ദുരാരോപണം ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. സത്യസന്ധമായി മാത്രമേ ഞാൻ ഈ കാര്യങ്ങളും നിർവ്വഹിച്ചിട്ടുള്ളൂ.

ശ്രീ. എം. എം. തോമസ്: പാലാ മുൻസിപ്പാലിറ്റിക്കുവേണ്ടി പൈപ്പ് വാങ്ങിയതു് ആരിൽനിന്നാണു്? ഓയിൽറിഫൈനറിയിൽ നിന്നു റിജക്ടഡ് പൈപ്പാണു് വാങ്ങിയതെന്നുള്ളതിനു് ഇതുവരെ മറുപടി പറഞ്ഞില്ല.

ഡപ്യൂട്ടിസ്പീക്കർ: ഈ ഗവണ്മെന്റു വന്നതിനുശേഷം പൈപ്പുകളൊന്നും വാങ്ങിയിട്ടില്ലെന്നു പറഞ്ഞു. പിന്നെ എന്താണു് സംശയം.

ശ്രീ. കെ. എം. മാണി: എനിക്കു് ഒരൊറ്റ വാക്കു് പറയണം. അതിനു് എന്നെ അനുവദിക്കണം. ഈ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഒരു അന്വേഷണത്തിനു തയ്യാറുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: ആരോപണങ്ങളും വരുന്ന ആളുകളും മറുപടി കേൾക്കാൻകൂടി തയ്യാറാകണം,

ശ്രീ. കെ. എം. ജോർജ്: ലജിസ്ലേറ്റീവു് ബിസിനസിലേക്കു് കടക്കുന്നതിനു മുൻപു് എനിക്കു് ഒരു കാര്യം പറയാനുണ്ടു്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി വെല്ലിംഗ്ടൺ അട്ടേഹത്തിന്റെ വിശദീകരണത്തിൽ ശ്രീ. മാണിയെപ്പറ്റി ഗുരുതരമായ ആരോപണങ്ങളും വന്നുകയുണ്ടായി. എന്താണു് അതിന്റെ സത്യാവസ്ഥയെന്നുള്ളതു് പറയുന്നതിനു് ശ്രീ. മാണിക്കു് ഒരു മിനിട്ടു് അനുവദിക്കണം.

ഡപ്യൂട്ടിസ്പീക്കർ: പേഴ്സണൽ എക്സ്പ്ലനേഷനു് ശ്രീ. മാണിക്കു് സമയം വേണമെന്നു ആവശ്യപ്പെടുകയാണെങ്കിൽ, അതിനു തക്ക വല്ല കാര്യവുമുണ്ടെങ്കിൽ അതിനുവേണ്ട സമയം കൊടുക്കാം. റിക്കാർഡു് പരിശോധിക്കുമ്പോൾ, ശ്രീ. മാണിയെപ്പറ്റി, അട്ടേഹത്തിനു് ഗുരുതരമായ ദോഷം. വരത്തക്കരീതിയിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെന്നു കാണുകയാണെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷനു് സമയം കൊടുക്കാം.

5. LEGISLATIVE BUSINESS

The Kerala Land Reforms (Amendment Bill)

Dy. Speaker: We pass on to Legislative Business Shri R. Gopalakr'shnan Nair can continue.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: പുതിയ അമൻറുമെൻറു് ബില്ലിൽ ഒറ്റി കൂഴിക്കാണം എന്നുള്ള ഡെഫനിഷനെ സംബന്ധിച്ചായിരുന്ന ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചുകൊണ്ടിരുന്നതു്. നെയ്യാറ്റിൻകര, നെടുമങ്ങാടു് എന്നീ താലൂക്കുകളിലെ ആളുകളെ സംബന്ധിച്ചിടത്തോളം ഒറ്റി കൂഴിക്കാണം എന്ന സമ്പ്രദായമനുസരിച്ചു് കൂഴിക്കാണം എന്ന വാക്കുള്ളതുകൊണ്ടു് പന്ത്രണ്ടു കൊല്ലക്കാലത്തിൽ കൂടുതൽ കൈവശംവച്ചു് ഭോഗണ്ഡംചെയ്തു വസ്തു അനുഭവിക്കുവാൻ അവകാശം കിട്ടുന്നുണ്ടു്. കേരളത്തിലെ മറ്റുള്ള ഭാഗങ്ങളിലുള്ള ഒറ്റി കൂഴിക്കാണം സമ്പ്രദായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇങ്ങനെയൊരു സൗകര്യമില്ല. ഒറ്റി എന്ന വാക്കോടു് കൂഴിക്കാണാവകാശം കൂടി ചേർന്നതുകൊണ്ടു് debtor-creditor ബന്ധത്തിൽയാതൊരു ഭേദഗതിയും വരുന്നില്ല. ഇപ്രകാരം പ്രത്യേകതയുള്ള ഒറ്റിസമ്പ്രദായത്തെ ട്രാൻസ്ഫർ ആഫ് പ്രാപ്പർട്ടി ആക്ടിൽ വിവരിച്ചിട്ടില്ല. അമെൻറുമെൻറു് ബില്ലിലെ 39 (എ) വകുപ്പിൽ ഒറ്റി കൂഴിക്കാണത്തെ ഉൾപ്പെടുത്തിയിരിക്കുന്നതു് നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാടു് മുതലായ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും എടുത്തുമാറ്റണം. ഇതു് ആയിരക്കണക്കിനു് കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണു്. കേവലം പത്തോ പതിനഞ്ചോ ഇരുപതോ സെൻറു് ഭൂമി ജന്മ സ്വത്തായിട്ടുള്ള ആളുകൾ അവരുടെ അത്യാവശ്യത്തിനു്, സുഖക്കേടായിട്ടു കിടക്കുന്ന സന്ദർഭത്തിലോ അല്ലെങ്കിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനോ വേണ്ടി വസ്തുപണയം വച്ചാൽ കൂഴിക്കാണം എന്നുള്ള വാക്കു ചേർത്തുകൊണ്ടു് തിരിച്ചെടുക്കാൻ നിവൃത്തിയില്ലാതെ വരുന്നു. എൻെറ അറിവു് ശരിയാണെങ്കിൽ ഇതേമാതിരിയുള്ള 8,000 ത്തോളം കേസുകൾ തിരുവനന്തപുരം ഡിസ്ട്രിക്ടിനകത്തുള്ള പല കോടതിയിലായി സ്റ്റേ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഹോംഡിംഗ്സിൻെറ ഡെഫനിഷൻെറ പരിധിയിൽ നിന്നു് ഒറ്റി കൂഴിക്കാണത്തെ എടുത്തുകളയണം. ഈ കാര്യങ്ങളെല്ലാം ഞാൻ സെലക്ടുകമ്മിറ്റിയിൽ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇൻഡിഫറൻറായിട്ടാണിരുന്നതു്. സർ, അതിൽ വളരെ വേദനയുണ്ടു്. ആയിരക്കണക്കിനു് കുടുംബങ്ങളെ ബാധിക്കുന്ന കാര്യമായതുകൊണ്ടു് ഹോംഡിംഗിൻെറ ഡെഫിനിഷനിൽനിന്നു് "ഒറ്റി കൂഴിക്കാണ"ത്തെ എടുത്തുകളയണം.

മറ്റു ചില കാര്യങ്ങൾകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. 1964-ലെ ഒന്നാം ആക്ടനുസരിച്ചു് സ്വാംഹോംസേഴ്സു് എന്നുള്ള ഡെഫിനിഷൻ വളരെ വ്യക്തമായിട്ടുണ്ടായിരുന്നു. ഈ നിയമം നടപ്പിലായാൽ സ്വാം ഹോംഡേഴ്സിനു് കുടിയാന്മാരെ ഒഴിപ്പിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്. 1969-നു മുൻപുള്ള കാലങ്ങളിൽ മിച്ചഭൂമിയുള്ളവർക്കു് പുതിയ നിയമം നടപ്പിലാകുന്നതിനു മുമ്പു് ആ ഭൂമി കൈമാറ്റം ചെയ്തു് സ്വാംഹോംഡേഴ്സിൻെറ ഡെഫിനിഷൻെറ പരിധിയിൽനിന്നുകൊണ്ടു് കുടിയാന്മാരെ ഒഴിപ്പിക്കാനുള്ള അവസരം കൊടുക്കുന്നു. അതുകൊണ്ടു് ഇതു് പുനഃപരിശോധന ചെയ്യണം.

അതുപോലെ മറ്റൊരു കാര്യം എനിക്കു് പറയാനുള്ളതു് ഈ ബില്ലിലെ 13-ാം വകുപ്പിലെ രണ്ടാം ഉപവകുപ്പിനെ സംബന്ധിച്ചാണു്. 1964-നു ശേഷം ഒഴിപ്പിച്ച വസ്തുക്കൾ തിരിയെഒഴിപ്പിക്കാനുള്ള സൗകര്യം നൽകിയിരിക്കുകയാണു്. പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾ ചെയ്ത ഒറ്റിക്കൾ വീണ്ടും ഒഴിപ്പിച്ചു് കൈവശംവച്ചു് കെട്ടിടംകെട്ടിദേഹണ്ഡങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതു് വീണ്ടും തിരിയെ ഒഴിപ്പിക്കാനുള്ള അവകാശം ധനവാന്മാർക്കു് ഉണ്ടാക്കിക്കൊടുക്കുകയാണു് ഈ വകുപ്പുമൂലം ചെയ്യുന്നതു്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, പണത്തിനു് ആവശ്യം വരുമ്പോഴാണു് പാവപ്പെട്ടആളുകൾ വസ്തു പണയം വയ്ക്കുന്നതെന്നുള്ളതു്. അതിനുശേഷം സാമ്പത്തിക ശേഷി ഉണ്ടായി ആ വസ്തു തിരിയെ ഒഴിപ്പിച്ചെടുത്താൽ ഒറ്റിക്കാരനു് വീണ്ടും തിരിയെ ഒഴിപ്പിക്കാനുള്ള അവസരം കൊടുക്കുന്നതു് ന്യായരഹിതമാണു്. അതുകൊണ്ടു് ഒറ്റിയെ സംബന്ധിച്ചിടത്തോളമെങ്കിലും ബഹുമാനമന്ത്രി ഈ വകുപ്പു് പുനഃപരിശോധന നടത്തണം.

സർ, അതുപോലെതന്നെ മുൻ ആക്ടിലെ പതിനഞ്ചാം വകുപ്പിനെക്കുറിച്ചാണു് പറയുവാനുള്ളതു്. പതിനഞ്ചാംവകുപ്പിൽ കെട്ടിടങ്ങൾ വയ്ക്കുന്ന സൗകര്യത്തിനു വേണ്ടി കുടിയാനെ ഒഴിപ്പിക്കുവാനുള്ള അവകാശം കൊടുത്തിരിക്കുകയാണു്. അതിൽ ഒരു ഉപവകുപ്പിൽ ഇങ്ങനെ ഒഴിപ്പിക്കുവാനുള്ള അവകാശം, ഒരു ഹരിജൻ അല്ലെങ്കിൽ പിന്നോക്കസമുദായക്കാരൻെറ കൈവശമാണു് ഇരിക്കുന്നതെങ്കിൽ, അതു് ഒഴിപ്പിക്കുവാനുള്ള അവകാശം നിഷേധിച്ചുകൊണ്ടു് മുൻ നിയമത്തിൽ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നതു് ഈ പുതിയ നിയമത്തിൽ മാറ്റിയിരിക്കുകയാണു്. ഇന്നു് ഈ അമൻറുമെൻറു് ബില്ലിൽ പതിനഞ്ചാംവകുപ്പിൽ ആ പ്രൊവൈസോ എടുത്തു മാറ്റിയിരിക്കുകയാണു്. ഹരിജനങ്ങൾക്കു് വളരെയധികം നന്മ ചെയ്യുന്നുവെന്നു പറയുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പു് എടുത്തുമാറ്റിയതു് ഹരിജനങ്ങൾക്കു് വളരെയധികം വിഷമങ്ങൾ ഉണ്ടാക്കിയിരിക്കുകയാണു്.

അതുപോലെതന്നെ 29-ാം വകുപ്പു് (എ)ക്രിമിനൽ നടപടി നിയമത്തിൽ XII-ാം ചാപ്റ്റർ അനുസരിച്ചുള്ള നടപടികൾ നിറുത്തിവയ്ക്കുവാൻവേണ്ടി എഴുതിച്ചേർത്തിരിക്കുകയാണു്. "Where a person claiming to be a tenant applies for the preparation of a record of rights or for the determination of the fair rent. ." or for the purchase of the right, title and interest of the land owner and the intermediaries, if any, in respect of the land cultivated by him, then notwithstanding anything contained in any other law. *No Magistrate shall have Jurisdiction under Chapter XII of the Code of Criminal Procedure 1898, in respect of a dispute between that person, and any other person claiming to be in possession of that land relating that land* pending disposal of the application ആർക്കുവേണമെങ്കിലും ടെനൻറു് ആണെന്നു് അവകാശപ്പെട്ടുകൊണ്ടു് മറ്റൊരാളിൻെറ ഭൂമിയിൽ രേഖ ജനിപ്പിക്കുവാൻ ആവശ്യപ്പെടാം. ബഹുമാനപ്പെട്ട മന്ത്രിക്കു് പേർത്തലയിൽ അഞ്ചേക്കറിൽ ചിലപ്പോൾ ഭൂമി ഉണ്ടെന്നു് പത്രങ്ങളിൽ കാണുകയുണ്ടായി. ആ ഭൂമിയിൽ ആക്കുവേണമെങ്കിലും ടെനൻറു് ആണെന്നു് അവകാശം പുറപ്പെടുവിച്ചുകൊണ്ടു് ടെനൻറിൻെറ രേഖ ജനിപ്പിക്കാൻ അവകാശപ്പെടാവുന്നതാണു്. ഇങ്ങനെയൊരു നടപടി സ്വീകരിക്കുവാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. ഇതിൻെറ ഫലം നിരന്തരമായ സമാധാനലംഘനമാണു്. ഇങ്ങനെ സമാധാനലംഘനം ഉണ്ടാകാൻ ഇടയുള്ള വകുപ്പു് മാറണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുന്നു.

അതേസമയം, സർ, ഞാൻ ചോദിക്കുകയാണു്, രണ്ടു് ആളുകൾ ടെനൻറു് ആണെന്നു് ക്ലയിംചെയ്യുകൊണ്ടു്, റിക്കാർഡു് ആഫ് റൈറ്റിനു് അപേക്ഷ കൊടുത്താൽ എന്തു ചെയ്യണമെന്നു് വ്യക്തമാക്കിയിട്ടില്ല. ഒരു കാര്യം വ്യക്തമാണു്, സമാധാനലംഘനം ഉണ്ടാകാൻ ഇടയുള്ള ഒരു വകുപ്പാണു്. ഈ ബില്ലിൽ ഇതു് എടുത്തു മാറുകയോ ഭേദഗതി ചെയ്യുകയോ ചെയ്യണമെന്നു് അപേക്ഷിക്കുകയാണു്.

സർ, അതുപോലെ 72-ാം വകുപ്പിനെക്കുറിച്ചാണു് എനിക്കു് ഇനി പറയുവാനുള്ളതു്. വളരെ വ്യക്തമായി മുൻ നിയമത്തിൽ എഴുതിവച്ചിരുന്ന വകുപ്പുകൾ വളച്ചൊടിച്ചു് എന്തെങ്കിലും നിയമം ഉണ്ടാക്കിയെന്നു് കാണിക്കാനുള്ള പ്രവണതയാണു് ഇതുകൊണ്ടു് മനസ്സിലാകുന്നതു്. ഒരു ജന്മിയുടെ അവകാശം കേവലം ഗവണ്മെൻറിൻെറ ഒരു നോട്ടിഫിക്കേഷൻകൊണ്ടു് മാത്രം ഒരു കുടിയാനിൽ ലയിക്കണമെന്നു് ഈ ആക്ടിൽ പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന അമൻറുമെൻറിൽ അതു് ചുറ്റിവളച്ചു് ആണു് പറഞ്ഞിരിക്കുന്നതു്. ജന്മിയുടെ അവകാശം ഗവണ്മെൻറിൽ ലയിപ്പിച്ചു് ചില പ്രത്യേകനടപടിക്രമങ്ങൾക്കുശേഷമെ ടെനൻറിനു ഭൂമിയിൽ അവകാശം കിട്ടുകയുള്ള. അതു് വളരെയധികം കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണു്. അതുകൊണ്ടു് മുൻ വകുപ്പു് നിലനിറുത്തണമെന്നു് അപേക്ഷിക്കുകയാണു്. മുൻ നിയമത്തിലെ വകുപ്പുകൾതന്നെ ഉൾക്കൊള്ളണം.

അതുപോലെതന്നെ മിച്ചഭൂമി വിതരണത്തെക്കുറിച്ചു് പഴയ ആക്ടു് 96-ാം വകുപ്പിൽ ഹരിജനങ്ങൾക്കു് മിച്ചഭൂമിയുടെ 25 ശതമാനം കൊടുക്കണമെന്നു് വ്യക്തമാക്കിയിട്ടുണ്ടു്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുകയാണു്, കഴിഞ്ഞ 32 മാസത്തിനിടയിൽ എത്രമാത്രം മിച്ചഭൂമിയാണു് ഹരിജനങ്ങൾക്കു് കൊടുത്തിട്ടുള്ളതെന്നു്? എൻെറ അനുഭവത്തിൽ ഹരിജനങ്ങൾക്കു് റോഡുപുറമ്പോക്കുകളും കുളത്തിൻെറ കരയും തോട്ടവക്കുംഒക്കെയാണു് പതിച്ചുകൊടുത്തിട്ടുള്ളതു്. അതേസമയം ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും പേഴ്സണൽസ്റ്റാഫിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ആളുകൾക്കു് ശ്രീകാര്യത്തും തിരുവനന്തപുരം സിറ്റിയിലുമൊക്കെയാണു് പതിച്ചുകൊടുത്തിട്ടുള്ളതു്. ഈ ബില്ലിൽ ഹരിജനങ്ങൾക്കു് $37\frac{1}{2}$ ശതമാനം കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു് 50 ശതമാനമാക്കണമെന്നു് അപേക്ഷിക്കുകയാണു്.

സർ, അതുപോലെതന്നെ ലാൻറു് ടൈബ്യൂണലിനെക്കുറിച്ചു് 99-ാം വകുപ്പിൽ പറയുന്നുണ്ടു്. മുമ്പുള്ള നിയമമനുസരിച്ചു് മുനിസിഫുമാരായ ആളുകളെയാണു് ലാൻറു ടൈബ്യൂണലായി നിയമിച്ചിട്ടുള്ളതു്. ഇന്നു് അതു മാറ്റി തഹസീൽദാരുടെ റാങ്കിലുള്ളവർക്കു് ലാൻറു് ടൈബ്യൂണലാകുവാനുള്ള സൗകര്യം കൊടുക്കുകയാണു്. അതുപോലെതന്നെ 125–ാം വകുപ്പിൽ ലാൻറു് ടൈബ്യൂണലിൻറെ പ്രവർത്തനത്തെക്കുറിച്ചു് പറയുമ്പോഴും മുമ്പു ഉണ്ടായിട്ടുള്ള തീരുമാനങ്ങളും പൂർണ്ണമായി ഈ ബില്ലിലെ വകുപ്പനുസരിച്ചു് ഇല്ലാതാക്കുവാനോ മാറ്റുവാനോ ഉള്ള അധികാരം പുതിയ Land Tribunal കൾക്കു് കൊടുത്തിരിക്കുകയാണു്. ജുഡീഷ്യറിയെ ചോദ്യം ചെയ്യുവാനുള്ള അധികാരം എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിരിക്കുകയാണു്. സർ, ഞാൻ വ്യക്തമായിട്ടു് പറയുകയാണു് ഈ വകുപ്പുകളനുസരിച്ചു് ജുഡീഷ്യറിക്കുമേലെ executive എൻക്രോച്ചു ചെയ്യാനുള്ള അവസരം നൽകിയിരിക്കുകയാണു്. സർ, ഇതു് മാറണം. നമ്മുടെ ഭരണഘടനയനുസരിച്ചു് ഭാരതത്തിലും സംസ്ഥാനങ്ങളിലും ജുഡീഷ്യറിയും എക്സിക്യൂട്ടീവും വെവ്വേറെയാണു്. ജുഡീഷ്യറി എടുത്തതീരുമാനങ്ങളും എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥനായ തഹസീൽദാർ മാറ്റുകയാണെങ്കിൽ അതു് ജുഡീഷ്യറിയുടെ നേരെ നടത്തുന്ന ഒരു കടന്നാക്രമണമാണു്. മാത്രമല്ല, തഹശീൽദാർ ചില തീരുമാനങ്ങളെടുക്കുന്ന സന്ദർഭത്തിൽ, നെയ്യാറ്റിൻകരയിൽ ഉള്ള തഹശീൽദാർക്കു് കാസർകോട്ടു് പോകേണ്ടിവരും., അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ പാർട്ടികളും അദ്ദേഹത്തിൽ പ്രേരണ ചെലുത്തി സമ്മർദ്ദം ചെലുത്തി കാര്യങ്ങളും സാധിക്കുകയില്ലേയെന്നു ഞാൻ ചോദിക്കുകയാണു്. ഇതു മാറേണ്ടതാണു്.

സ്റ്റാൻഡേർഡു് ഏക്കറിൻറെ നിർവ്വചനം പല ഭാഗങ്ങളിലും പല രീതിയിലാണു്. മുമ്പുണ്ടായിരുന്ന ആക്ടിൽനിന്നും കുറെയൊക്കെ മാറ്റം വരുത്തിയിട്ടുണ്ടു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കു് ചേർത്തലയിലുള്ള അഞ്ചേക്കർ പുരയിടത്തിൽ നിന്നു കിട്ടുന്ന ആദായം വരുകയില്ല മലംപ്രദേശങ്ങളിൽ 15 ഏക്കർ പുരയിടത്തിൽ നിന്നും കിട്ടുന്നതു്. അതുകൊണ്ടു് വിസ്തീർണ്ണംകൊണ്ടല്ല ആദായത്തിൻറെ അടിസ്ഥാനത്തിലാണു് പരിധി നിർണ്ണയിക്കേണ്ടതു്. അതിനുവേണ്ടി ഈ നിയമത്തിൽ മാറ്റം വരുത്തണം.

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെൻറു് ഓഫ് ഇൻഡ്യയുടെ ഒരു ലറ്റർ ഞാൻ വായിച്ചു കേൾപ്പിക്കാം.

This is a letter written by the Minister for Food and Agriculture, Government of India.

'The principal agency for the implementation of land reforms consists of land tribunals. These Land Tribunals are comprised of District Munsiffs who are used to labour on Civil Procedure which are time-consuming. The State Government might consider reconstitution of Land Tribunals and appointment of revenue officers, like Mamaldars and Tahsildars, for expediting the implementation of Land Reforms.'

ഇതു് ജഗജീവൻറാം എഴുതിയതാണു്, ഞാൻ എഴുതിയതല്ല. ജഗജീവൻറാമിൻറെ ഉപദേശം പ്രായോഗികമാണെന്നു തോന്നിയതുകൊണ്ടു് ആണു് നടപ്പിൽ വരുത്തിയതു്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ : ജഗജീവൻറാമിൻറെ ഉപദേശത്തിനും കേരളമന്ത്രിയുടെ ഉപദേശത്തിനും വ്യത്യാസം കണ്ടേക്കും. എൻറെ അനുഭവം വച്ചുകൊണ്ടു പറയുകയാണെങ്കിൽ ഗവണ്മെൻറു് മിഷനറി ഉപയോഗിച്ചും രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനമുപയോഗിച്ചും വളരെയധികം ബുദ്ധിമുട്ടകരം ഉണ്ടാകും. എനിക്ക് നേരിട്ടറിയാവുന്നതുകൊണ്ടാണ് ഇതു പറയുന്നതു്. അനാവശ്യമായി രാഷ്ട്രീയധികാരമുപയോഗിച്ചു് തഹശീൽദാരിൽ സ്വാധീനം ചെലുത്തി ന്യായരഹിതമായ തീരുമാനങ്ങൾ ഉണ്ടാക്കുമെന്ന സംശയമുള്ളതുകൊണ്ടാണു് ഞാൻ ഈ കാര്യം പറയുന്നതു്.

64-ലെ ഒന്നാം ആക്ടിൽ 82 മുതൽ 86 വരെയുള്ള വകുപ്പുകൾ നടപ്പാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് ഇപ്പോഴും ഒരുവിധ നിയമതടസ്സമില്ല. ആ നിയമത്തിൽ പറഞ്ഞിട്ടുള്ളതു് ഓരോ വകുപ്പും ഗവണ്മെൻറു് നിശ്ചയിക്കുന്ന തീയതി മുതൽ നിലവിൽ വരുമെന്നാണു്. അതു നടപ്പിൽവരുത്തുവാൻ എന്തു തടസ്സമാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലുള്ളതു്. ഒരു നോട്ടിഫിക്കേഷൻ കൊടുക്കുവാൻ എന്തുകൊണ്ടു് മന്ത്രി തയാറാകുന്നില്ല. ജന്മിമാക്കുവേണ്ടി മന്ത്രി ഒളിച്ചുകളി നടത്തുകയാണു്. ഈ വകുപ്പുകൾ നടപ്പിൽ വരുത്തണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്.

സർ, അതുപോലെതന്നെ ഈ നിയമംകൊണ്ടു് ചില പുതിയ കുടിയായ്മകൾ സൃഷ്ടിക്കുകയും പഴയതു് അവസാനിപ്പിക്കുകയും ചെയ്തിരിക്കുകയാണു്. 67-ലെ 9-ാം ആക്ടിൽ ഉണ്ടായിരുന്ന പല കുടിയായ്മകളും ഇതിൽ മാറ്റിയിരിക്കുകയാണു്. കുടിയാനെ സൃഷ്ടിക്കുകയും കുടിയാനെ മാറ്റിക്കളയുകയും ചെയ്യുന്ന സംപ്രദായമാണു് ഈ നിയമംകൊണ്ടു് നടപ്പിൽവരുത്തിയിരിക്കുന്നതെന്നു് ഞാൻ മനസ്സിലാക്കുകയാണു്.

പുതിയ ബില്ലിൽ 4 (എ) സബ്ബ്ക്ലാസ്സ് (1)-ൽ ഒറ്റിക്കാരെ കുടിയാൻ ആക്കുന്ന വ്യവസ്ഥയാണു്, 50 കൊല്ലം ആയാൽ ഒറ്റിക്കാരെ കുടിയാൻ ആക്കണമെന്നു് പറയുന്നതു് നല്ല കാര്യമാണു്. ബി (1)-ൽ പറഞ്ഞിരിക്കുന്നതു്, ഭാഗ്യദോഷത്തിനു് അവൻ ഒരു കെട്ടിടം കെട്ടിപ്പോയാലോ രണ്ടേക്കർ ഭൂമി വേറെ ഉണ്ടെങ്കിലോ ടെനൻസി റൈറ്റ് കിട്ടുന്നില്ലെന്നാണു്. (എ) വകുപ്പനുസരിച്ചു് ടെനൻസി റൈറ്റു് കിട്ടുകയും (ബി) വകുപ്പനുസരിച്ചു് കെട്ടിടം കെട്ടിപ്പോയാൽ ടെനൻസി റൈറ്റു് കിട്ടാതിരിക്കുകയും ചെയ്യുമെന്നാണു്. ഇതിനൊരു മാറ്റം വരുത്തണം, ഇതു് വിവേചനാപരമാണു്.

അതുപോലെതന്നെ പഴയ ആക്ടിലെ 18-ാം വകുപ്പിൽ മൈനർ ആയിരിക്കുന്ന ആളുകളും സ്വയബോധമില്ലാത്ത ആളുകളും പട്ടാളത്തിൽ ജോലിയിലിരിക്കുന്ന ആളുകളും ഈ ബില്ലു് പാസ്സായി ഒരു കൊല്ലത്തിനകം ഒഴിപ്പിക്കണമെന്നാണു്. എന്നാൽ പുതിയ ബില്ലിൽ സബ്ബ്ക്ലാസ്സ് (എ) (1)

20. Amendment of section 18. In section 18 of the principal Act,—

(a) in clause (1), for the proviso, the following provisos shall be substituted, namely:—

"Provided that where the land-lord is—

(i) a minor; or

(ii) a person of unsound mind; or

(iii) a member of the Armed Forces or a seaman and the tenant is entitled to fixity of tenure; or

(iv) a legal representative of such member or seaman, and such member or seaman was the landlord of the land in respect of which resumption is claimed,

the application for resumption may be made within six months from the commencement of the Kerala Land Reforms (Amendment) Act, 1969."

14 വയസ്സ് ആയ കുട്ടിക്കു് ആണു് അവകാശമെങ്കിൽ ഈ വകുപ്പു് ഉപയോഗിച്ചു് ഒഴിപ്പിക്കണമെങ്കിൽ എന്തു മാത്രമാണു് സർ, തലയ്ക്കു സുഖമില്ലാത്തയാൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ ആക്ട് പാസ്സായി ആറുമാസത്തിനകം നടപടി സ്വീകരിക്കണമെന്നു പറയുന്നതു് കഷ്ടമാണു്. അങ്ങിനെയുള്ളവർ ഈ പുതിയ ബില്ലനുസരിച്ചു്, അവകാശങ്ങൾ കിട്ടാൻ, മറ്റാരുടെയെങ്കിലും സഹായത്തോടെ കോടതിയെ ശരണം പ്രാപിക്കണം. എന്തു് കഷ്ടമാണിതു്. അതുകൊണ്ടു് ഈ വകുപ്പു് ഒന്നു പുനഃപരിശോധന ചെയ്യേണ്ടതാണു്.

സർ, അതുപോലെതന്നെ 29 (ബി) എന്നൊരു ക്ലാസ്സുണ്ടു്.

"(1) Any person claiming to be the cultivating tenant of any land, if prevented or obstructed from cultivating that land, may apply to the Tahsildar of the Taluk in which the land is situate for an order that he is entitled to cultivate the land. ഇതനുസരിച്ചു് ആക്കുവേണമെങ്കിലും ആരുടെ ഭൂമിയെ സംബന്ധിച്ചും അവകാശപ്പെടാം ഞാൻ കർഷകനാണെന്നു്. ബഹുമാനപ്പെട്ട മന്ത്രിയുടെ പുരയിടമോ നിലമോ ഞാൻ അവകാശപ്പെട്ട എന്നുവരാം. ഉടനെ കംപ്ലീറ്റിംഗ് ടെനൻറിനു് തഹസീൽദാർ പ്രൊട്ടക്ഷൻ കൊടുക്കണമെന്നാണു് പറയുന്നതു്. ഇതു് മനഃപൂർവ്വം നിയമസമാധാനലംഘനം ഉണ്ടാക്കണമെന്നും ഭൂമിയിൽ എൻക്രോച്ച്മെൻറു നടത്തണമെന്നുമുള്ള ദുഷ്ടവിചാരത്തോടുകൂടി, കരുതലോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇതിൽ ക്ലെയിമിംഗ് എന്ന പദം മാറ്റിയാൽ മതിയല്ലോ ?

ഡെ. സ്പീക്കർ : ഇതിപ്പോഴേ പറയേണ്ട ആവശ്യമില്ലല്ലോ? വകുപ്പു വകുപ്പായിട്ടുള്ള ചർച്ച വരുമ്പോഴും പറയാമല്ലോ ?

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ : ഇക്കാര്യത്തിൽ ഇപ്പോഴേത്തന്നെ ബഹുമാനപ്പെട്ടമന്ത്രിയെ ബോധ്യപ്പെടുത്തിയാൽ ചിലപ്പോഴേ അതു മാറ്റാനുള്ള സൽബുദ്ധി ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായാലോ എന്നു വിചാരിച്ചാണു് ഞാനിപ്പോഴേ ഇതു പറയുന്നതു്.

ക്ലാസ്സു് 2-ൽ പറയുന്നതു് ഇങ്ങനെയാണു്.

(2) The Tahsildar shall, on receipt of an application under sub-section (1) and after such enquiry as he deems necessary and after issue of notice to the opposite party, by order decide whether the applicant is entitled to cultivate the land, and if the applicant is entitled to cultivate, and is not in possession of, the land, the Tahsildar shall also restore him to possession and allow him to cultivate that land. തഹശീൽദാരുടെ അവകാശങ്ങളെക്കുറിച്ചു് പറഞ്ഞിരിക്കുകയാണു്. ഇന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ പുരയിടത്തിൽ മറ്റു ആരെങ്കിലും ഭൂമി കൃഷി ചെയ്യാൻ അവകാശപ്പെട്ടതാണെന്നു പറഞ്ഞാൽ തഹശീൽദാർ അതിന്മേൽ തീരുമാനം എടുക്കേണ്ടതുണ്ടു്. തഹശീൽദാർക്കു ഇപ്രകാരം തീരുമാനമെടുക്കുക എന്നുള്ളതു ബുദ്ധിപ്പാടുണ്ടാക്കുന്ന കാര്യമാണു്, പല പ്രകാരത്തിലുള്ള സമ്മർദ്ദവും ഉണ്ടാകുമെന്നുള്ള കാര്യം ചില തഹശീൽദാർമാർതന്നെ നേരിട്ടു പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു ഈ കാര്യവും ഒന്നു പുനപരിശോധന നടത്തണമെന്നു ഞാൻ മന്ത്രിയോടു അഭ്യർത്ഥിക്കുകയാണു്. സമാധാനലംഘനം ഉണ്ടാകാതിരിക്കുവാനുള്ള മാറ്റങ്ങളും ഈ നിയമത്തിൽ ഉണ്ടാകണം. അതുപോലെതന്നെ ജന്മികൾ മിച്ചഭൂമി മറ്റു ആക്കും കൊടുക്കാതെ രക്ഷപ്പെടുവാനുള്ള പല വകുപ്പുകളും ഇതിൽ ഉണ്ടു്. അതുപോലെതന്നെ ഭരണഘടനാപരമായ കുഴപ്പങ്ങളും ഉണ്ടാകും. ഭരണഘടനാപരമായ കാര്യങ്ങളും മറ്റും പറഞ്ഞു് മാർക്സിസ്റ്റു പാർട്ടിക്കാർക്കു പ്രചരണം നടത്താൻവേണ്ടിയാണു് ആ വകുപ്പുകളും ഇതിൽ എഴുതിച്ചേർക്കുന്നതു്. അതുപോലെതന്നെ ജുഡീഷ്യറിയെ ആക്ഷേപിക്കുവാനും അതുവഴി അവസരം നൽകുന്ന ഒരു നിയമമാണു് ഇതു്. ആരുടെ ഭൂമിയിലും ആക്കും പ്രവേശിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

എന്തു അനീതി കാണിക്കുവാനും അവസരം ഈ നിയമത്തിൽ ഉണ്ട്. എന്റെ അഭിപ്രായത്തിൽ കർഷകർക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാക്കിക്കൊടുക്കുന്നതിനെക്കാൾ ഏറെ കുറെ കഴപ്പങ്ങൾ ഈ രാജ്യത്തുണ്ടാക്കണമെന്നും ഈ കാർഷിക പരിഷ്കരണബിൽ നടപ്പിലാക്കാതിരിക്കുവാനുള്ള ഒരു പ്രവണത പാർട്ടിക്കാർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും ഉള്ളതു പ്രകടിപ്പിക്കുവാനുമാണ് ഇപ്പോൾ ഈ നിയമംമൂലം സാധിക്കുന്നതു്. അതുകൊണ്ടു എനിക്കു വിനീതമായി അഭ്യർത്ഥിക്കുവാനുള്ളതു് ഇതിൽ ആവശ്യമായ മാറ്റങ്ങളും വരുത്തി പാവപ്പെട്ട ആളുകൾക്കും ഭൂമിയില്ലാത്തവർക്കും ഹരിജനങ്ങൾക്കും എല്ലാം ഭൂമി ലഭിക്കുന്നതിനാവശ്യമായ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടു വരുന്ന ഭേദഗതികളോടുകൂടി ഈ നിയമം പാസ്സാക്കിയെടുക്കണം. അങ്ങനെ യഥാർത്ഥമായ ഭൂപരിഷ്കരണനിയമം എത്രയും വേഗം പാസ്സാക്കിയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണു്. ഈ ബിൽ കഴിയുന്നതും വേഗം നിയമമാക്കി നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശമാണു് എനിക്കുള്ളതു്. ഈ ബിൽ നിലവിലുള്ള നിയമങ്ങളിൽ വച്ചു് വളരെയധികം പുരോഗമനപരമായിട്ടുള്ളതാണു്. അതുകൊണ്ടാണു് കഴിയുന്നതും വേഗത്തിൽ ഇതു നീട്ടിക്കൊണ്ടുപോകാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നു ഞാൻ പറയുന്നതു്.

ശ്രീ. കെ. ടി. ജോർജ്ജ് : അങ്ങനെയാണെങ്കിൽ സെലക്ടു കമ്മറ്റിയ്ക്കു് വീണ്ടും അയയ്ക്കണമെന്നുള്ള ഭേദഗതി മെമ്പർ അയച്ചിരുന്നതു് എന്തിനാണു് ?

മി. ഡെപ്യൂട്ടി സ്പീക്കർ : അതു മെമ്പർ പിൻവലിച്ചിട്ടുണ്ടു്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : അങ്ങനെയൊരു നോട്ടീസു് കൊടുത്തിരുന്നതു ശരിയാണു്. അതു പിൻവലിച്ചിട്ടുള്ളതായി അന്നുതന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണു്. ഞാൻ മുവു ചെയ്തിട്ടില്ലാത്ത കാര്യത്തെ സംബന്ധിച്ചു ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ല. ഈ ബിൽ പാസ്സാക്കണമെന്നു ഞാൻ പറയുമ്പോൾ ഒരു ഭേദഗതിയും കൂടാതെ ഇന്നുതന്നെ പാസ്സാക്കണമെന്നു എനിക്കഭിപ്രായമില്ല. ഇതിൽ ചില വകുപ്പുകൾക്കു കാര്യമായ പുരോഗമനപരമായ ഭേദഗതികൾ ഉൾക്കൊള്ളിക്കേണ്ടതുണ്ടെന്നാണു് എനിക്കുള്ള അഭിപ്രായം. അതിനു് അവസരം ഉണ്ടു്. രണ്ടാം വായന വേളയിൽ വകുപ്പു വകുപ്പുകളായ ചർച്ചകൾ നടത്തുമ്പോൾ ഭേദഗതികൾ കൊടുക്കുവാൻ അവസരം മെമ്പറന്മാർക്കുണ്ടു്. അങ്ങനെ ഭേദഗതികൾ ആവശ്യമാണെന്നു ഈ സഭയിൽ പറയുവാൻ ഒരവസരം ലഭിക്കുന്നതിലേയ്ക്കുമാത്രമാണു് ഞാൻ നോട്ടീസു് നൽകിയിരുന്നതു്. അതുപോലെ തന്നെ സെലക്ടു കമ്മറ്റിയിൽ മാർക്കുസിസ്റ്റു മെമ്പറന്മാർ ഒഴികെ മറെറല്ലാ പാർട്ടിയിലേയും ആളുകൾ ഡിസൻറിംഗു നോട്ട ഈ ബില്ലിനു് എഴുതിച്ചേർത്തിട്ടുണ്ടു്. സെലക്ടു കമ്മിറ്റി റിപ്പോർട്ടിൽ അതു വ്യക്തമായി കാണാൻ കഴിയും. ഡിസൻറിംഗു നോട്ടു പ്രകാരമുള്ള അഭിപ്രായങ്ങൾ കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഈ ബില്ലു് ബില്ലിന്റെ രൂപത്തിലല്ലാതെ വരും, മൂല ബില്ലിനുണ്ടായ ഗതികേടു ഈ ബില്ലിനും വരും. ഏറെറവും പുരോഗമനപരമായ ബിൽ നടപ്പിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ മൻഗ്രണനു കിട്ടാൻ മാത്രമായിരുന്ന ഞാൻ നോട്ടീസു് നൽകിയിരുന്നതു്. അധികം താമസിക്കാതെ തന്നെ ഇതു പാസ്സാക്കുവാൻ ഈ സഭയ്ക്കു കഴിയും. എന്തായാലും ഇനി രണ്ടാമതു സെലക്ടു കമ്മറ്റിക്കു വിടേണ്ടതില്ല. ഈ ബിൽ പാസ്സാക്കുന്നതിനുമുമ്പു കുറെക്കൂടി പുരോഗമനപരമായ വകുപ്പുകൾ ഉൾക്കൊള്ളിക്കണം എന്നാണു് എനിക്കു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ അവസരത്തിൽ ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നതു് ഇതിലെ മര്യാദപ്പാട്ടം വ്യവസ്ഥയെ സംബന്ധിച്ചാണു്. നിലവിലുള്ള ബില്ലിൽ മര്യാദപ്പാട്ടം കണക്കാക്കുന്നതു് ഭൂമിയിൽ വിളയുന്നതിൽ നാലിലൊന്നു മര്യാദപ്പാട്ടം എന്നാണു്. വളരെ കാലം മുമ്പു് ഭൂമി ഏൽപ്പിച്ചിരുന്ന സമയത്തെ വിളവും കുടിയാൻ ഭൂമിനന്നാക്കിയ ശേഷം ഇന്നുണ്ടാകുന്ന വിളവും രണ്ടാണു്. ജലസേചന സൗകര്യം കുറഞ്ഞ കാലത്തു രണ്ടുമേനി വിളവുണ്ടായിരുന്നുവെങ്കിൽ ഇപ്പോഴും ജലസേചനം വന്നതിന്റെ ഫലമായിട്ടും എൻ. ഇ. എസ്. ബ്ലോക്കു് തുടങ്ങിയവയുടെ പ്രവർത്തനഫലമായിട്ടും ആ വിളവിന്റെ നാലിരട്ടിയോ അഞ്ചിരട്ടിയോ വിളവു ഇപ്പോൾ ഉണ്ടായി എന്നു വരാം. നാലിലൊന്നു മര്യാദപ്പാട്ടം കൊടുക്കണമെന്നുള്ള നിലവിലുള്ള നിയമം വന്നപ്പോൾ മര്യാദപ്പാട്ടം വെട്ടിക്കുറയ്ക്കുവാൻ കൊടുത്തിരുന്ന പതിനായിരക്കണക്കിൽ കൊടുത്ത ഹർജികളും പിൻവലിക്കപ്പെട്ടു. 1964-ലെ ഈ നിയമം വന്നപ്പോൾ ധാരാളം ഹർജികളും പാട്ടക്കോടതികളിൽ പാട്ടം വെട്ടിക്കുറയ്ക്കുന്നതിലേയ്ക്കു വരികയും അവ പിൻവലിക്കുകയും ചെയ്ത അനുഭവം ഉണ്ടായിട്ടുണ്ടു്. ഈ ബിൽ പ്രകാരം കരാർപാട്ടത്തിന്റെ നേർപകുതി അല്ലെങ്കിൽ വല്ല നിയമം കൊണ്ടും മര്യാദപാട്ടം കണക്കാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ നാലിൽ മൂന്നു ഓഹരി അല്ലെങ്കിൽ ഭൂമി ഏൽപ്പിക്കുന്ന സമയത്തെ മുഖ്യവിളവിന്റെ നേർപകുതി മറ്റേ വിളവു് എന്നു കണക്കാക്കി അതിന്റെ അഞ്ചിലൊന്നു മര്യാദപ്പാട്ടം എന്നു പറയുന്നുണ്ടു്. അതു ഏറ്റവും പുരോഗമനപരമായ ഒരു വകുപ്പാണു്. ഇതിൽ ഏതാണു് കുടിയാനിഷ്ടപ്പെടുന്നതു് അതായിരിക്കും മര്യാദപ്പാട്ടം. മര്യാദപ്പാട്ടത്തിന്റെ 16 ഇരട്ടിയാണു് ജന്മിക്കു് പ്രതിഫലമായിട്ടു് കൊടുക്കേണ്ടതു്. 16 ഇരട്ടി പതിനാറു കൊല്ലം കൊണ്ടു് പതിനാറു ഗഡുക്കളായി കൊടുക്കാൻ വ്യവസ്ഥയുണ്ടെങ്കിലും ആദ്യ ഗഡു കെട്ടിവച്ചാൽ പട്ടയം കിട്ടുന്നു. ഇതു വളരെ പുരോഗമനപരമായ കാര്യമാണു്. പക്ഷേ, പതിനാറിരട്ടി മര്യാദപ്പാട്ടത്തോളം വരുന്ന ജന്മിയുടെ വകയായുള്ള ചമയങ്ങളുടെ വിലകൂടി കൂട്ടി കൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാണു്. രണ്ടേക്കർ സ്ഥലം ഉള്ള ഒരു ഭാഗത്തു പതിനഞ്ചടി താഴ്ചയുള്ള ഒരു കുളമുണ്ടാക്കാൻ ഏകദേശം രണ്ടായിരത്തോളം ഉറുപ്പിക ഇന്നു ചിലവുവരും. പണ്ടു കൂലി കൊടുക്കാതെ ഇങ്ങനെയുള്ള കുളങ്ങൾ കെട്ടിയിരിക്കും. അത്തരം ഭൂമി പാട്ടത്തിനു കൊടുക്കുമ്പോൾ കൂടുതൽ പാട്ടം കിട്ടും. അങ്ങനെ ജലസേചന സൗകര്യമില്ലാത്ത സ്ഥലമാണെങ്കിൽ കരാർ പാട്ടം കുറവായിരിക്കും. അങ്ങനെയുള്ള ചമയങ്ങളുടെ വില കണക്കാക്കുമ്പോൾ പതിനാറിരട്ടി തുക കൂടിയതിനേക്കാൾ കൂട്ടി കൊടുക്കണമെന്നു പറഞ്ഞാൽ അതു അവിടത്തെ മാർക്കറ്റു വിലയെക്കാൾ കൂടിയതായിരിക്കും. അതു കൂടുതൽ ബാധിക്കുന്നതു പാലക്കാട്ടുജില്ലയെ ആയിരിക്കും. മറ്റു ജില്ലകളിൽ അതു അധികം വരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു അതേമാതിരി 1967 മേയ് ഒന്നാം തീയതി മുതൽ ഉള്ള പാട്ടബാക്കി വലുപ്പച്ചെറുപ്പമനുസരിച്ചു കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അഞ്ചേക്കറിൽ താഴെയാണെങ്കിൽ ഒരുകൊല്ലത്തെപാട്ടമോ പാട്ടബാക്കിയോ ഏതാണു് കുറവെങ്കിൽ അതു കൊടുക്കണം. പത്തേക്കറിൽ താഴെയാണെങ്കിൽ രണ്ടുകൊല്ലത്തെ പാട്ടം കൊടുക്കണം. പതിനഞ്ചേക്കറിൽ താഴെയാണെങ്കിൽ നാലുകൊല്ലത്തെ പാട്ടം കൊടുക്കണം. ഇതിനൊരു ദൃഷ്യം ഉണ്ടു്. ഒരുപാടു കർഷകർ യാതൊരു രേഖയുമില്ലാത്ത കുടിയാന്മാരാണു്. പാട്ടം വാങ്ങിവെച്ചു് രശീതി കൊടുക്കാതെയുള്ള ആളുകളുടെ രണ്ടോ മൂന്നോ കൊല്ലത്തെ പാട്ടം കൊടുക്കാൻ കുടിയാന്മാരും കുടിയിരുപ്പുകാരും ബാധ്യസ്ഥനാകും. അങ്ങനെയുള്ള ഗതികേടു ഉണ്ടാകാൻ പാടില്ല. പാട്ടം കൊടുത്തിട്ടുണ്ടാകും. രശീതു കൊടുത്തിട്ടുണ്ടായിരിക്കുകയില്ല. ഇതു പറയുമ്പോൾ പാട്ടം കൊടുക്കാതെ ജന്മിമാരെ പട്ടിണിക്കിട്ടു എന്നെല്ലാം പറയും, ശരിയാണു്. അങ്ങനെയുള്ള കേസുകൾ നൂറിനു ഒന്നോ രണ്ടോ കാണുകയുള്ളൂ, അങ്ങനെയുള്ള ഒന്നോ രണ്ടോ പേർക്കുവേണ്ടി നൂറുക്കണക്കിനുള്ള ആളുകളും ശിക്ഷയനുഭവിക്കണമെന്നു പറഞ്ഞാൽ കഷ്ടമാണു്. അപരാധികളും രക്ഷപ്പെട്ടാലും നിരപരാധികളെ ശിക്ഷിക്കുവാൻ പാടില്ല. ഈ ബിൽ ഇതേപടി നടപ്പിലാകുകയാണെങ്കിൽ ഞാൻ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുണ്ടാകും. ഞാൻ ചൂണ്ടിക്കാണിച്ച ഭേദഗതികളും കൊണ്ടുവരണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ ചെറുകിട ജന്മികാംക്ഷ കുടിയാന്റെ മിച്ച ഭൂമിയുണ്ടെങ്കിൽ പത്തേക്കർ ഭൂമിവരെ ഒഴിപ്പിച്ചെടുക്കാൻ ബില്ലിൽ കാണുന്ന വ്യവസ്ഥ നീക്കം ചെയ്യണം. നമ്മുടെ നാട്ടിൽ ജന്മമെല്ലാം ഭോഗിച്ചു് ഭോഗിച്ചു് ചെറുകിട ജന്മിമാരാകുന്ന ഒരു പ്രവണത വളരെ നാളുകളായി നിലവിലുണ്ടു്. നൂറിനു എഴുപത്തഞ്ചു് ആളുകളും ഇപ്പോഴും ചെറുകിട കർഷകരായി മാറിയിരിക്കുകയാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ : മണി പത്തായി. മെമ്പർക്കു നാളെ തുടരാം.

6. PRIVATE MEMBERS' BILLS AND RESOLUTIONS

Deputy Speaker : We will pass on now to the Private Members' Bills and Resolutions. Shri Aboo may move for the adoption of
10 A.M.] the report.

Shri Mathai Manjooran : Sir, I object to the report that is being presented here. There is a fundamental objection with regard to the resolution.

ഡെപ്യൂട്ടി സ്പീക്കർ: അതു മോഷൻ അവതരിപ്പിച്ചതിനുശേഷം പറയാം. ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ ഒരു മോഷൻ അവതരിപ്പിക്കുന്നുണ്ടു്. Then I will allow you to speak.

Shri C.B Chandrasekhara Warrier : Sir, I have given notice for a motion but I am not moving that motion. But I am raising a point of order about the propriety of this motion for consideration of the report itself. I raise a point of order.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടിനെപ്പറ്റി മോഷൻ മൂവു ചെയ്തിട്ടു ക്രമപ്രശ്നം ഉന്നയിക്കാം. I draw the attention of members to Rule 213 of the Rules of Procedure and Conduct of Business in the Kerala Legislative Assembly 'At any time after the report has been presented to the Assembly a motion may be moved that the Assembly agrees or agrees with amendments or disagrees with the report :

Provided that not more than half-an-hour shall be allotted for discussion of the motion and no member shall speak for more than five minutes on such motion'.

Shri C. B. Chandrasekhara Warrier : My point of order is with regard to the propriety of moving motion for being adopted. Rule 213 provides the procedure for consideration of the Report. When it is moved for consideration a motion or amendment can be moved and that is regarding consideration of the report. I am raising a point of order regarding the very motion for consideration because.....

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടിന്റെ മോഷൻ മൂവു് ചെയ്തിട്ടു് അതു സംബന്ധിച്ച ചർച്ചയാകാം.

Shri C. B. Chandrasekhara Warrier : The agreement of the House is not necessary for presentation of Report.

Dy. Speaker : The report is before the House. That is to be taken up for consideration.

Shri C. B. Chandrasekhara Warrier : I am raising a point of order regarding the question whether that report can be discussed. The discussion

LIBRARY ARCHIVES Kerala Legislative Assembly